LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിൽ 27 കുടുംബങ്ങൾക്ക് കടൽ ഭിത്തിയോട് ചേർന്നുള്ള സ്ഥലത്തിന് പട്ടയം നൽകണമെങ്കിൽ കൊച്ചിൻ പോർട്ട് ട്രസ്റ്റിന്റെ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് അനിവാര്യമാണ്. ആയത് ലഭിച്ചിട്ടുള്ളതുമാണ്. എന്നാൽ പ്രസ്തുത ഭൂമി CRZ പരിധിയിൽ വരുന്നതായതിനാൽ ടി സ്ഥലത്ത് കൺസ്ട്രക്ഷൻ അനുവദിക്കാമോ എന്ന വിഷയത്തിൽ CESS-ന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ട്.

(ബി&സി) ഉണ്ട്. 1964-ലെ കേരള ഭൂമി പതിവ് ചട്ടം 11 (2) V പ്രകാരം കടലിന്റെ ഹൈവാട്ടർ മാർക്കിൽനിന്നും 100 അടി ദൂര പരിധിയിലുള്ള ഭൂമി പതിച്ചുകൊടുക്കുവാൻ പാടില്ല എന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്.

വെള്ളപ്പൊക്കദുരിതാശ്വാസ ജോലികൾ പൊതുമരാമത്ത് വകുപ്പിനെ ഏൽപ്പിക്കുന്നതിനു നടപടി

165 (1208) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വെള്ളപ്പൊക്കദുരിതാശ്വാസ നിധി (FLOOD RELIEF FUND) വിനിയോഗിച്ച് നിർവ്വഹിക്കപ്പെടുന്ന പൊതുമരാമത്ത് പ്രവൃത്തികൾ ജോലിക്കുടുതൽ കാരണം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും നിർവ്വഹണ ചുമതല മാറ്റി പൊതുമരാമത്ത് വകുപ്പിനെ ഏൽപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വെള്ളപ്പൊക്ക ദുരിതാശ്വാസനിധി വിനിയോഗിച്ച് നിർവ്വഹിക്കപ്പെടേണ്ടുന്ന പൊതുമരാമത്ത് പ്രവൃത്തികൾ ജോലിക്കുടുതൽ കാരണം നിർവ്വഹിക്കപ്പെടുന്നില്ല എന്ന വിവരം ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. അതിനാൽ നിർവ്വഹണ ചുമതല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും മാറ്റി പൊതുമരാമത്ത് വകുപ്പിനെ ഏൽപ്പിക്കുവാൻ ഇപ്പോൾ ഉദ്ദേശമില്ല.

റവന്യൂ വകുപ്പിൽ മിഷൻ 676-ൽ ഉൾപ്പെടുത്തിയ പദ്ധതികൾ

166 (1209) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റവന്യൂ വകുപ്പിന് കീഴിൽ മിഷൻ 676-ൽ ഉൾപ്പെടുത്തിയ പദ്ധതികൾ ഏതെല്ലാമാണ്;